**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5111** **11-08-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രം പാസ്സാക്കിയ മാതൃക വാടക നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രം പാസ്സാക്കിയ മാതൃക വാടക നിയമം സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്ക് അനുസൃതമാണോയെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ 02.06.2021 ൽ അംഗീകരിച്ച Model Tenancy Act -ന്റെ കരട് സംസ്ഥാനത്തിന്റെ അഭിപ്രായത്തിനായി കേന്ദ്ര സർക്കാരിന്റെ ഭവനവും നഗരകാര്യവും മന്ത്രാലയത്തിൽ നിന്നും ലഭ്യമാക്കിയിരുന്നു. പ്രസ്തുത Model Act അതത് സംസ്ഥാനത്ത് ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിലുള്ള ആക്ടുകളെ റദ്ദ് ചെയ്തു കൊണ്ട് പുതിയ ആക്ട് സംസ്ഥാനങ്ങളിൽ കൊണ്ടുവരുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം പരിഗണിച്ച് 1965 ലെ കേരളാ കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) നിയമം കാലാനുസൃതമായി പരിഷ്കരിച്ച് സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന കേരളാ കെട്ടിടങ്ങൾ (പാട്ടവും അടിസ്ഥാന വാടകയും മറ്റു സൗകര്യങ്ങളും) ബില്ലിൽ Model Tenancy Act – ലെ വ്യവസ്ഥകൾക്കനുസൃതമായി ആവശ്യമായ ഭേദഗതി വരുത്തുന്നതിന് ഹൗസിംഗ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്ന സാഹചര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന നടപടി സംബന്ധിച്ചും, കൂടാതെ കരട് ചട്ടത്തിലെ സ്വീകാര്യമായ വ്യവസ്ഥകളും അതിനൊപ്പം പരിഗണിച്ച് ഉൾപ്പെടുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചും കേന്ദ്രസർക്കാരിനെ അഭിപ്രായം അറിയിച്ചിരുന്നു. |
| (ബി) | പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ സംസ്ഥാന താൽപര്യത്തിനനുസൃതമായി പുതിയ നിയമ നിർമ്മാണം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | കേന്ദ്ര സർക്കാരിന്റെ ഭവനവും നഗരകാര്യവും മന്ത്രാലയത്തിൽ നിന്നും ലഭ്യമാക്കിയ 2021-ലെ Model Tenancy Act ന്റെ പകർപ്പ് ഹൗസിംഗ് കമ്മീഷണർക്ക് ലഭ്യമാക്കുകയും, 1965-ലെ കേരള കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) നിയമം |

| | | | |
|---|---|---|---|
| | | | പരിഷ്കരിച്ച് സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന കേരളാ കെട്ടിടങ്ങൾ (പാട്ടവും അടിസ്ഥാന വാടകയും മറ്റു സൗകര്യങ്ങളും) ബില്ലിൽ 2021-ലെ Model Tenancy Act -ലെ വ്യവസ്ഥകൾക്കനുസൃതമായി ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ കരട് ലഭ്യമാക്കുവാൻ ഹൗസിംഗ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ